# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 515 02.12.2014 ലെ മറുപടിക്ക്

**ചോദ്യം**
ശ്രീ. എ.എം.ആരിഫ്

**ഉത്തരം**
ശ്രീ. കെ.എം. മാണി
ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

**പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിക്കുന്ന തുക**

| ക്രമ നം | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്ന മൊത്തം തുകയുടെ എത്ര ശതമാനം ഈ മേഖലയിലെ പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്കായി ചെലവാകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; 2013-14 വർഷത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ; | 2013-14 സാമ്പത്തിക വർഷത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്ന മൊത്തം തുകയുടെ *62.09* ശതമാനം പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്കായാണ് ചെലവാക്കുന്നത്.<br>**കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ**<br>എയ്ഡഡ് പ്രൈമറി സ്കൂൾ - 2511.92 കോടി രൂപ<br>എയ്ഡഡ് സെക്കൻററി സ്കൂൾ -1625.20 കോടി രൂപ<br>എയ്ഡഡ് ആംഗ്ളോ ഇന്ത്യൻ സ്കൂൾ -10.76 കോടി രൂപ<br>എയ്ഡഡ് ഹയർ സെക്കൻററി സ്കൂൾ -687.33 കോടി രൂപ<br>എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ -110.11 കോടി രൂപ<br>ഗവൺമെൻറ് ഇതര സ്പെഷ്യൽ സ്കൂളുകൾ - 28.95 കോടി രൂപ<br>ഗവൺമെൻറ് ഇതര കോളേജുകൾ - 986.29 കോടി രൂപ<br>പ്രൈവറ്റ് എൻജിനീയറിംഗ് കോളേജുകൾ -62.93 കോടി രൂപ<br>പ്രൈവറ്റ് പോളിടെക്നിക്കുകൾ-21.39 കോടി രൂപ |

| | | |
|---|---|---|
| (ബി) | സംസ്ഥാനത്ത് ഇപ്പോഴുള്ള മൊത്തം അധ്യാപക അധ്യാപകേതര ജീവനക്കാർ എത്രയെന്നും അതിൽ പ്രൈവറ്റ് എയ ്ഡഡ് മേഖലയിലുള്ളവ എത്ര വീതമെന്നും; അവയിൽ പ്രൊട്ടക്റ്റഡ് ആയി സർക്കാർ പരിഗണിച്ചുവരുന്നത് എത്രയെന്നും അനാദായകരമായി കരുതുന്ന സ്കൂളുകളിലെ മൊത്തം സ്റ്റാഫ് എത്രയെന്നും അവരുടെ ശമ്പള ചെലവ് എത്രയെന്നും വെളിപ്പെടുത്താമോ? | വിവിധ വകുപ്പു തലവന്മാർ സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ ആകെയുള്ള അധ്യാപക അധ്യാപകേതര ജീവനക്കാരുടെ എണ്ണം *2,36,139* (രണ്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി നൂറ്റി മുപ്പത്തിയൊൻപത്) ആണ്. ഇതിൽ പ്രൈവറ്റ് എയ്ഡഡ് മേഖലയിലുള്ളവരുടെ എണ്ണം *1,37,970* ( ഒരു ലക്ഷത്തി മുപ്പത്തി എഴായിരത്തി തൊള്ളായിരത്തി എഴുപത് ) ആണ്. ഇവരിൽ 2939 അദ്ധ്യാപകരെ പ്രൊട്ടക്റ്റഡ് ആയി കണക്കാക്കുന്നു. അനാദായകരമായി കരുതുന്ന സ്കൂളുകളിലെ മൊത്തം സ്റ്റാഫിൻെറ എണ്ണം *31906* ഉം ഇവരുടെ ശമ്പള ചെലവ് പ്രതിവർഷം *947.41* കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ